# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 509 05.07.2012-ൽ മറുപടിയ്ക്ക്

## വന സംരക്ഷണത്തിൽ ജനങ്ങളുടെ സഹകരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>,, എം. ഉമ്മർ<br>,, സി.മോയിൻകുട്ടി | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) വന സംരക്ഷണത്തിന് ജനങ്ങളുടെ സഹകരണം ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ; | എ) ജനകീയ പങ്കാളിത്തത്തോടെയുള്ള വന പരിപാലന പരിപാടികൾകൊണ്ടു മാത്രമേ വനം സാർത്ഥകമായി സംരക്ഷിക്കുവാൻ കഴിയുകയുള്ളു എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൻ 1988 ലെ വന നയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് വനാശ്രിത സമൂഹത്തിന്റെ സഹകരണം ഉറപ്പാക്കിക്കൊണ്ടുള്ള പങ്കാളിത്ത വന പരിപാലനംവഴി വന സംരക്ഷണം നടത്തിവരുന്നു. വനാശ്രിത സമൂഹങ്ങളെ ഉൾപ്പെടുത്തി ടെറിറ്റോറിയൽ വനം ഡിവിഷനുകളിൽ വന സംരക്ഷണ സമിതികളും, വന്യജീവി സങ്കേതങ്ങൾ, ദേശിയോദ്യാനങ്ങൾ എന്നിവയുൾപ്പെടുന്ന സംരക്ഷിത മേഖലകളിൽ ഇക്കോഡവലപ്പമെന്റ് കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ സംസ്ഥനത്തൊട്ടാകെ 369 വന സംരക്ഷണ സമിതികളും, 189 ഇക്കോഡെവലപ്പമെന്റ് കമ്മിറ്റികളും പ്രവർത്തിച്ചുവരുന്നു. വനത്തിനുള്ളിലെ വിധ്വംസക പ്രവർത്തനങ്ങൾ തടയുന്നതിനും വനത്തിനുള്ളിൽ നടക്കുന്ന നിയമവിരുദ്ധ നടപടികൾ നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെയും ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന തരത്തിൽ വനം, പോലീസ്, റവന്യൂ, ട്രൈബൽ ഡെവലപ്പ്മെന്റ് എന്നീ വകുപ്പുകളും വന സംരക്ഷണ സമിതികളും, പരിസ്ഥിതി സംരക്ഷണ സമിതികളും സർക്കാതിര സംഘടനകളും ഉൾപ്പെടുന്ന വനമേഖല ജാഗ്രതാ സമിതികൾ രൂപീകരിക്കുവാൻ 21.06.2012 ലെ ... |

| | | | |
|---|---|---|---|
| | | | സ.ഉ. (എംഎസ്) .69/12/വനം നമ്പർ ഉത്തരവ് പ്രകാരം തീരുമാനിച്ചിട്ടുണ്ട്. |
| ബി) | വനങ്ങൾക്കകത്ത് രൂപം കൊണ്ടിട്ടുള്ള ജനവാസ കേന്ദ്രങ്ങളുടെ വിസ്തൃതി വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ ഈ പ്രവണത നിയന്ത്രിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള മുൻകരുതൽ നടപടികൾ വിശദമാക്കുമോ ; | ബി) | വനത്തിനകത്തെ ജനവാസ കേന്ദ്രങ്ങളുടെ വിസ്തൃതിയിൽ വർദ്ധനവ് ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപെട്ടിട്ടില്ല |
| സി) | വനത്തിനകത്തെ ജനവാസ കേന്ദ്രങ്ങളിലേക്കുള്ള റോഡുകളിൽ വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള നിരീക്ഷണ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ? | സി) | വനത്തിനകത്തെ ജനവാസ കേന്ദ്രങ്ങളിലേക്കുള്ള റോഡുകളിൽ വനസംരക്ഷണ പ്രശ്നങ്ങൾ കണ്ടുവരുന്ന പ്രദേശങ്ങളിൽ വനം വകപ്പ് താൽക്കാലിക ചെക്ക് പോസ്റ്റുകൾ, ചെയിൻ ഗേറ്റുകൾ എന്നിവ ഉണ്ടാക്കിയും സംരക്ഷണ വിഭാഗം ജീവനക്കാരുടേയും, വന സംരക്ഷണ സമിതി/ഇക്കോഡവലപ്പമെന്റ് കമ്മിറ്റി അംഗങ്ങളുടേയും നിരന്തര നിരീക്ഷണവും റോന്ത് ചുറ്റലും ഏർപ്പെടുത്തിയും രഹസ്യ വിവര ശേഖരണം ഫലപ്രദമായി നടത്തിയും നിരീക്ഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ